The Hindu 17-1-04

# CBI probe sought into functioning of NGOs

By Our Special Correspondent

KOZHIKODE, JAN. 16. The Wayanad Prakriti Samrakshana Samiti today demanded a CBI inquiry into the activities of NGOs that were receiving funds from foreign agencies.

Mr. Thomas Ambalavayal, Samiti president, alleged that a CBI probe had become necessary as there was strong reason to believe that a number of NGOs were implementing the agenda of foreign agencies like the CIA. Such agencies were active in environmentally-sensitive places like Wayanad, he alleged. The Prakriti Samrakshana Samiti also alleged that there was strong reason to suspect that foreign agencies had taken control of many NGOs that had been organising movements for women's empowerment, environment and human rights."These agencies are running parallel governments. Some had been entrusted even with the task of constructing houses for tribal people," he said.

The CIA was using these NGOs to weaken the democratically-elected Governments, he alleged.

ബിജെപി നേതാക്കളുടെ യോഗം നവംബർ ആദ്യവാരം വിളിച്ചുചേർക്കും. കോൺഗ്രസിനെ വിശ്വസിക്കാനാവില്ലെന്നും അവർ മുലായത്തിനു നിരന്തരം പ്രശ്നം സൃഷ്ടിക്കുമെന്നും വെങ്കയ്യ പറഞ്ഞു.

ഇതേസമയം വിശ്വാസപ്രമേയത്തിനു നിയമസഭ ചേരും മുമ്പ് ഒന്നുരണ്ട് മന്ത്രിമാരെ ചേർത്ത് മുലായം മന്ത്രിസഭ വികസിപ്പിച്ചേക്കുമെന്ന് റിപ്പോർട്ടുണ്ട്. വെള്ളിയാഴ്ച മുലായം മാത്രമാണ് സത്യപ്രതിജ്ഞ ചെയ്തത്. സഭാ നടപടികൾ നിശ്ചയിക്കുന്നതിന് പാർലമെണ്ടറികാര്യമന്ത്രി ആവശ്യമാണ്.

## ബഹുഗുണ ആശുപത്രിയിൽ

ദില്ലി: പരിസ്ഥിതി പ്രവർത്തകനും ചിപ്കോ പ്രസ്ഥാനത്തിന്റെ സ്ഥാപകനുമായ സുന്ദർലാൽ ബഹുഗുണയെ ഹൃദ്രോഗത്തെ തുടർന്ന് ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ പ്രവേശിപ്പിച്ചു. ചൊവ്വാഴ്ച അദ്ദേഹത്തിന് ആൻജിയോപ്ലാസ്റ്റി ചെയ്തിരുന്നു.

# തെരഞ്ഞെടുപ്പിൽ കോൺഗ്രസിനെയും ബിജെപിയെയും എതിർക്കും: മേധ

**ദില്ലി ബ്യൂറോ**

ദില്ലി: മധ്യപ്രദേശിൽ വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിനെയും ബിജെപിയെയും ഒരേപോലെ എതിർക്കുമെന്ന് നർമദാ ബചാവോ ആന്ദോളൻ (എൻബിഎ) നേതാവ് മേധാ പട്കർ ദില്ലിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ക്രാന്തിദൾ, സമാജ്വാദി ജനപരിഷത്ത് എന്നീ പാർടികൾക്ക് പിന്തുണ നൽകാൻ എൻബിഎ ഉൾപ്പെടുന്ന നാഷണൽ അലയൻസ് ഫോർ പീപ്പിൾസ് മൂവ്മെന്റ് (എൻഎപിഎം) തീരുമാനിച്ചതായും മേധ അറിയിച്ചു.

എൻഎപിഎമ്മിന്റെ ആശയങ്ങളും മുദ്രാവാക്യങ്ങളും പൂർണമായി അംഗീകരിച്ചതിനാലാണ് ഈ രണ്ട് പാർടികൾക്കും പിന്തുണ നൽകുന്നത്. പതിനഞ്ചോളം സീറ്റുകളിൽ ഈ പാർടികൾ സ്ഥാനാർഥികളെ നിർത്തുന്നുണ്ട്. ഛത്തീസ്ഗഢിലും രാജസ്ഥാനിലും ഏതെങ്കിലും പാർടികൾക്ക് പിന്തുണ നൽകണോ എന്ന് അടുത്തമാസം ചേരുന്ന എൻഎപിഎമ്മിന്റെ കേന്ദ്ര എക്സിക്യൂട്ടീവ് യോഗം തീരുമാനിക്കും.

വർഗീയതയും ആഗോളവൽക്കരണവും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്. ഗോവധം ഉൾപ്പെടെയുള്ള കാര്യത്തിൽ സംഘപരിവാർ സമീപനം സ്വീകരിക്കുന്ന കോൺഗ്രസ് മുഖ്യമന്ത്രി ദിഗ്വിജയ്സിങ്ങും ബിജെപി നേതാവ് ഉമാഭാരതിയും തമ്മിൽ ആശയങ്ങളുടെ കാര്യത്തിൽ വ്യത്യാസമില്ല. നർമദാപദ്ധതി നടപ്പാക്കുന്നതിൽ ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡിയുടെ അജണ്ടയാണ് രാജസ്ഥാനിലെയും മഹാരാഷ്ട്രയിലെയും മധ്യപ്രദേശിലെയും കോൺഗ്രസ് മുഖ്യമന്ത്രിമാർ നടപ്പാക്കുന്നത്.

കാൻകുണിൽ ചേരുന്ന ഡബ്ല്യുടിഒ മന്ത്രിതല യോഗത്തിനെതിരായി എൻഎപിഎം സപ്തംബർ നാലിന് രാജ്യവ്യാപകമായി പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കും. കാൻകുൺ സമ്മേളനം തീരുന്ന സപ്തംബർ 12 വരെ പ്രതിഷേധം തുടരും.

സ്വത്തുര
വിധവ
കുഞ്ഞി
ചുട്ടുകൊ

വിശാഖപട്ടണം:
യ വിധവയെയും മ
കുഞ്ഞിനെയും ഭർത്ത
സംഘവും മണ്ണെണ്ണ
കൊന്നു. ഇവർ സ
പ്പെടാതിരിക്കാനാണ്
ന്നു. ചിന്തപ്പള്ളി
പരിസരത്ത് ചെറുകി
വിറ്റ് ഉപജീവനം ക
രി ചിന്നിയെയും കു
റ്റാൻഡിൽവെച്ചാണ്
ഴിച്ച് തീകൊളുത്തിയ
ഭവസ്ഥലത്തു മരിച്ച
മരണമൊഴിയനുസ
ഹോദരൻ അദാരിച
ചോദ്യംചെയ്യാൻ
റ്റഡിയിലെടുത്തു.
ടെ ഭർത്താവ് കഴി
മരിച്ചത്.

ദേശാഭിമാനി - 2003 ആഗസ്റ്റ് 31 ഞായർ

പാനൽ രഞ്ജിത്തിനെ വിടാൻ